KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: info.pol@kerala.gov.in

No.315/PR/PIC/PHQ/14 Date : 20.09.2014

## സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ റെയ്ഡ് : നാലുപേർ അറസ്റ്റിൽ

ആന്റിപൈറസി സെല്ലും തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളും വയനാട് ജില്ലയിലെ സുൽത്താൻബത്തേരി, മീനങ്ങാടി, മലപ്പുറം ജില്ലയിലെ വളാഞ്ചേരി പോലീസ് സ്റ്റേഷനുകളും സംയുക്തമായി നടത്തിയ റെയ്ഡിൽ നാലുപേർ പിടിയിലായി. സുൽത്താൻ ബത്തേരി, റിലയബിൾസപ്പോർട്ട് സി.ഡി കട നടത്തിവന്ന സുൽത്താൻബത്തേരി താലൂക്കിൽ ഡെയിൽ വീട്ടിൽ അബ്ദുൾ നാസറിനെ 150 ഓളം വ്യാജ സി.ഡി.കളുമായും സുൽത്താൻബത്തേരി എക്സ്പ്രസ് ക്വറിയർ 5.1 സീഡീസ് നടത്തിവന്ന സുൽത്താൻബത്തേരി ജോസ്സിന ഹൗസിൽ ജോൺ 250 ഓളം വ്യാജ സി.ഡികളുമായും മീനങ്ങാടി മ്യൂസിക് വേൾഡ് നടത്തിവന്ന കൊറക്കാടി വില്ലേജിൽ പ്ലാമൂട്ടിൽ വീട്ടിൽ ഗീവർഗ്ഗീസ് 150 ഓളം വ്യാജ സി.ഡി.കളുമായും മലപ്പുറം വളാഞ്ചേരി ബസ്സ്റ്റാൻഡിനുസമീപം ഇജാസ് വാച്ച് ആന്റ് മൊബൈൽസ് നടത്തിവന്ന കുറ്റിപ്പുറം വില്ലേജിൽ വളാഞ്ചേരി പുത്തൂർ വളപ്പിൽ മുസ്തഫ 350 ഓളം വ്യാജ സി.ഡി കളുമായുമാണ് പിടിയിലായത്.

ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.വർഗീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ടർ ഡി.കെ.പൃഥിരാജ്, എസ്.ഐ അനൂപ് ആർ ചന്ദ്രൻ, എ.എസ്.ഐമാരായ വിഷ്ണുപ്രസാദ്, മണികണ്ഠൻ, അസീം, സി.പി.ഒ മാരായ രാജേഷ്, ഷാൻ എന്നിവരും സുൽത്താൻ ബത്തേരി, മീനങ്ങാടി, വളാഞ്ചേരി എന്നീ പോലീസ് സ്റ്റേഷനിലെ പോലീസുദ്യോഗസ്ഥരും റെയ്ഡിൽ പങ്കെടുത്തു. ***'ബാംഗ്ലൂർ ഡെയ്സ്', 'ഹൗ ഓൾഡ് ആർ യു', 'മിസ്റ്റർ ഫ്രോഡ്', 'റിംഗ് മാസ്റ്റർ', 'ലോ പോയിന്റ്', 'പോളിടെക്നിക്'*** തുടങ്ങിയ സിനിമകളുടെ വ്യാജ സി.ഡി കളാണ് പിടിച്ചെടുത്തത്.

വരും ദിവസങ്ങളിലും സംസ്ഥാന വ്യാപകമായി ശക്തമായ റെയ്ഡ് നടത്തുമെന്ന് ആന്റി പൈറസി സെൽ എസ്.പി അറിയിച്ചു.

**********